സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

വാരണാസി സത്രം - ഗയയിലെ ദേവസ്വം വസ്തുവകകളുടെ സംരക്ഷണം - നോഡൽ ആഫീസർ ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 3863/2000/Est-I** നന്തൻകോട് 25/**10/2018**

---

പരാമർശം :- (1) 20-05-2014 ലെ മേൽ നമ്പർ ഉത്തരവ്.
(2) 06-07-2017 ലെ മേൽ നമ്പർ ഉത്തരവ്.
(3) 29-12-2017 ലെ മേൽ നമ്പർ ഉത്തരവ്.
(4) 01-06-2018 ലെ മേൽ നമ്പർ ഉത്തരവ്.
(5) ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ 17-09-2018 ലെ അപേക്ഷ.
(5) ദേവസ്വം കമ്മീഷണറുടെ 08-10-2018 ലെ ROC 1057/09/Land നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വാരണാസിയിലും ഗയയിലുമുള്ള വസ്തുവകകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾക്ക് ശ്രീ.റ്റി.എസ്. സുബ്രഹ്മണിയെ ആറ് മാസത്തെ കാലാവധി നിശ്ചയിച്ച് പ്രതിമാസം 10,000 (പതിനായിരം) രൂപ ഓണറേറിയം നൽകി നോഡൽ ആഫീസറായി നിയമിച്ചിരുന്നു(പരാമർശം- 1). ടിയാന്റെ ഹോണറേറിയം 10,000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു (പരാമർശം -2). തുടർന്ന് ആറ് മാസം കൂടുമ്പോൾ കാലാവധി ദീർഘിപ്പിച്ച് വന്നിരുന്നു. ടിയാന്റെ സേവന കാലയളവ് 27-09-2018 -ൽ അവസാനിച്ചതായും വസ്തുക്കൾ വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതിയും, സേവന കാലയളവ് ദീർഘിപ്പിക്കുന്നതിന്റെ ആവശ്യകതയും വിവരിച്ച് കൊണ്ട് ശ്രീ. റ്റി. എസ്. സുബ്രഹ്മണി ഹാജരാക്കിയ അപേക്ഷയിന്മേൽ ഉത്തരവ് ഉണ്ടാകണമെന്ന് വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 6 റിപ്പോർട്ട് ലഭിച്ചു.

ആയവയുടെ അടിസ്ഥാനത്തിൽ ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വാരണാസിയിലും ഗയയിലുമുള്ള വസ്തുവകകൾ വീണ്ടെടുക്കുന്നതിനുള്ള തുടർ നടപടികൾക്കായി ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ സേവന കാലയളവ് 28-09-2018 മുതൽ 6 മാസത്തേയ്ക്ക് കൂടി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

ശ്രീ. റ്റി.എസ്. സുബ്രഹ്മണി,
T C 40/264,
പുത്തൻ സ്ട്രീറ്റ്, തിരുവനന്തപുരം.

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. മാനേജർ, വാരണാസി സത്രം - ദേവസ്വം കമ്മീഷണർ മുഖാന്തിരം.
5. ഇ.ഡി.പി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK